# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1018** **10.08.2017-ൽ മറുപടിക്ക്**

**പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ.ജി.സുധാകരൻ (ബഹു.പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കെ.എസ്.ടി.പി. നിർമ്മാണം ഏറ്റെടുത്തിട്ടുള്ള പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ എത്ര കിലോമീറ്ററാണ് ഇനിയും നിർമ്മാണം ആരംഭിക്കാതെ കിടക്കുന്നത്; | (എ) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുനലൂർ - മൂവാറ്റുപുഴ റോഡിൽ പൊൻകുന്നം - തൊടുപുഴ വരെയുള്ള റോഡ് നിർമ്മാണം 99% പൂർത്തിയായി. പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള 82 കി.മീ റോഡ് നിർമ്മാണം പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിനുള്ള പ്രീക്വാളിഫിക്കേഷൻ കഴിഞ്ഞതിനുശേഷമുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) ഇതിന്റെ നിർമ്മാണത്തിന് ലോകബാങ്ക് സഹായം ലഭിച്ചേക്കില്ല എന്ന തരത്തിലുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ഇതു സംബന്ധിച്ച് കെ.എസ്.ടി.പി-ക്കോ സർക്കാരിനോ ലോകബാങ്കിന്റെ അറിയിപ്പുകൾ ഒന്നും കിട്ടിയിട്ടില്ല. |
| (സി) റോഡ് നിർമ്മാണത്തിന് ഫണ്ട് ലഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും അനിശ്ചിതത്ത്വങ്ങൾ ഉണ്ടോ; ഏത് ഏജൻസി മുഖേന പണം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) കെ.എസ്.ടി.പി പദ്ധതികൾക്ക് ലോകബാങ്ക് ഫണ്ട് ലഭിക്കുന്നതിന് അനിശ്ചിതത്വങ്ങൾ ഒന്നും തന്നെ നിലവിൽ ഇല്ല. ലോകബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പ്രവൃത്തിയുടെ 40% ഫണ്ട് ലോകബാങ്കിൽ നിന്നാണ് വായ്പയായി ലഭിക്കുന്നത്. ബാക്കി തുക ഈ പദ്ധതിയുടെ നിർമ്മാണത്തിനുവേണ്ടി തിരഞ്ഞെടുക്കുന്ന സ്വകാര്യ ഏജൻസിയാണ് മുടക്കുന്നത്. ഈ തുക സെമി ആന്വറ്റിയായി 10 വർഷം കൊണ്ട് സംസ്ഥാന സർക്കാർ തിരിച്ച് നൽകും. ഈ കാലമത്രയും ഉന്നതനിലവാരത്തിൽ റോഡ് പ്രസ്തുത ഏജൻസി പരിപാലിക്കണം എന്ന നിബന്ധനയുണ്ട്. |

| | |
|---|---|
| (ഡി) അവശേഷിക്കുന്ന റോഡ് നിർമ്മാണം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ളത്; ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; | (ഡി) & (ഇ) പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരെ പ്രീ ക്വാളിഫൈ ചെയ്തതിനു ശേഷം ലോകബാങ്കിന്റെയും സ്റ്റിയറിംഗ് കമ്മിറ്റിയുടെയും അംഗീകാരം വാങ്ങിയിട്ടുണ്ട്. ഫിനാൻഷ്യൽ ബിഡ് പ്രീക്വാളിഫിക്കേഷനിൽ യോഗ്യരായ കോൺട്രാക്ടർമാർക്ക് കൊടുക്കുവാനുള്ള RFP (Request for proposal) ലോകബാങ്ക് അംഗീകാരത്തിന് അയച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയായതിനുശേഷമാണ് ഏജൻസികളെ തിരഞ്ഞെടുക്കുന്നത്. പി.പി.പി. പ്രോജക്ടായി ചെയ്യാൻ ഉദ്ദേശിക്കുന്നതിനാൽ Financial Bid സ്വീകരിച്ച കരാറുകാരനെ തിരഞ്ഞെടുക്കുന്ന പ്രവൃത്തി തുടങ്ങുന്നതിന് ചുരുങ്ങിയത് 6 മാസമെങ്കിലും വേണ്ടി വരും. ഇതോടൊപ്പം തന്നെ പ്രസ്തുത പദ്ധതിയുടെ മേൽനോട്ടത്തിന് കെ.എസ്.ടി.പി.യെ സഹായിക്കുന്നതിനുള്ള ഇൻഡിപ്പെന്റന്റ് എഞ്ചിനീയറെ തിരഞ്ഞെടുക്കുന്നതിനുള്ള ദർഘാസ് വിളിക്കേണ്ടതുണ്ട്. ഇതുപ്രകാരം അടുത്ത വർഷം മദ്ധ്യത്തോടെ മാത്രമേ പണി തുടങ്ങാനുള്ള അനുമതി നൽകുവാൻ സാധിക്കുകയുള്ളൂ. പണി തീർക്കുവാനുള്ള കാലാവധി 30 മാസമായതിനാൽ 2020-ാം മാണ്ട് ആദ്യത്തോടെമാത്രമേ ഈ നടപടികൾ എല്ലാം തീർത്ത് പണി പൂർത്തിയാക്കാൻ കഴിയൂ. ഇതിനായി ലോകബാങ്കിന്റെ 2019 ഏപ്രിൽ മാസം തീരുന്ന ലോൺ കാലാവധി ഏകദേശം ഒന്നര വർഷത്തേക്കെങ്കിലും നീട്ടേണ്ട ആവശ്യം വന്നുചേരും. ഇതിനായി കേന്ദ്ര സർക്കാരിലെ സാമ്പത്തിക കാര്യ വകുപ്പിന്റെയും ലോകബാങ്കിന്റെയും അംഗീകാരം ആവശ്യമാണ്. |
| (ഇ) ഈ റോഡിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | |

S. Bindu
സെക്ഷൻ ഓഫീസർ